# HAND BOOK ON

# OPD CLINIC

## NextGen e-Hospital

### INDEX


| Sl No | Subject | Page No |
|---|---|---|
| 1 | CDSS | 1 |
| 2 | Vitals | 3 |
| 3 | Complaints | 3 |
| 4 | Investigations | 4 |
| 5 | Diagnosis | 6 |
| 6 | Medication & Refer | 6 |



Prepared by:


**DR MANESH KUMAR E**

State Nodal Officer [ I T ]

Indian Systems of Medicine

# OPD CLINIC MODULE

NextGen E-Hospital ൽ ഓ.പി. രജിസ്ട്രേഷൻ കഴിഞ്ഞ രോഗികളുടെ വിവരങ്ങൾ അതത് ഡോക്ടർമാരുടെ ലോഗിനിൽ സീരിയൽ നമ്പർ ക്രമത്തിൽ എത്തുന്നതാണ്. ഡോക്ടർമാർ രോഗിയെ പരിശോധിച്ച്, ഓൺലൈനായി പ്രിസ്ക്രിപ്ഷൻ ജനറേറ്റ് ചെയ്യുന്നത് ക്ലിനിക് മോഡ്യൂൾ വഴിയാണ്. അതിനായി ആശുപത്രിയിലെ എല്ലാ ഡോക്ടർമാരുടെയും ലോഗിനിൽ ക്ലിനിക് മോഡ്യൂൾ എനേബിൾ ചെയ്തിട്ടുണ്ടാകും. ഹോം പേജിലെ **OPD Clinic** എന്ന ടാബിൽ ക്ലിക്ക് ചെയ്യുമ്പോൾത്തന്നെ ഓ.പി. രജിസ്ട്രേഷൻ കൗണ്ടറിൽ നിന്നും, ഡോക്ടറുടെ ലോഗിനിലേക്ക് അയച്ചിട്ടുള്ള രോഗികളുടെ വിവരങ്ങൾ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്.




രോഗിയെ പരിശോധിച്ച്, ഓൺലൈനായി പ്രിസ്ക്രിപ്ഷൻ ജനറേറ്റ് ചെയ്യുന്നതിനായി, സീരിയൽ നമ്പർ ക്രമത്തിൽ രോഗിയുടെ പേരിന് നേരെയുള്ള PRESCRIPTION എന്ന കോളത്തിലെ Prescription അടയാളത്തിൽ ക്ലിക്ക് ചെയ്യുക. തുടർന്ന്, പരിശോധനയുടെ വിവരങ്ങളും, പ്രിസ്ക്രിപ്ഷനും ഓൺലൈനായി ചേർക്കുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്. ഇതിന്, **8** ഭാഗങ്ങളാണുള്ളത്.


1. **CDSS**
2. **Template**
3. **Vitals**
4. **Complaints**

5. **Investigation**
6. **Allergies**
7. **Diagnosis**
8. **Medication & Refer**

ഇതിൽ ഓരോന്നും മെനുബാറിലുള്ള അതാത് ഓപ്ഷനുകളിൽ ക്ലിക്ക് ചെയ്ത് സെലക്റ്റ് ചെയ്യാവുന്നതാണ്. എല്ലാ ഭാഗങ്ങളും ഫിൽ ചെയ്യണമെന്ന് നിർബന്ധമില്ല. എന്നാൽ Complaints, Diagnosis, Medication & Refer എന്നീ 3 ഭാഗങ്ങളും കൃത്യമായി പൂരിപ്പിച്ച് വേണം ഓൺലൈനായി പ്രിസ്ക്രിപ്ഷൻ ജനറേറ്റ് ചെയ്യേണ്ടത്.

## CDSS [Clinical Decision Support System]

രോഗനിർണ്ണയത്തിൽ ഡോക്ടറെ സഹായിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് CDSS. ഇത് ആവശ്യമുള്ളവർക്ക് ഉപയോഗിക്കാവുന്നതാണ്. ഉപയോഗിക്കുന്നതിനായി, മുകളിലത്തെ മെനുബാറിലുള്ള CDSS എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത്, പ്രൊസീഡ് ചെയ്താൽ മതിയാവും. അല്ലെങ്കിൽ അടുത്ത മെനുവിലേക്ക് കടക്കാവുന്നതാണ്.





## TEMPLATE

ഈ പേജ് ഉപയോഗിക്കേണ്ടതില്ല.


# VITALS

Height, Weight, BMI, Body Temperature, Blood Pressure തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള പേജാണിത്. ഈ വിവരങ്ങൾ ചേർക്കേണ്ടവർക്ക്, അതാത് കോളങ്ങളിൽ അത് ചേർത്തതിനുശേഷം, താഴെയുള്ള **Save Vitals** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്താൽ, വിവരങ്ങൾ വലതുവശത്തായി സേവ് ചെയ്യപ്പെടുന്നതാണ്. ആ വിവരങ്ങൾ ചേർക്കേണ്ടതില്ലെങ്കിൽ skip ചെയ്യാവുന്നതാണ്.




# COMPLAINTS

രോഗവിവരങ്ങൾ ചേർക്കുന്നതിനുള്ള പേജാണിത്. ഈ പേജിൽ വിവരങ്ങൾ ചേർക്കുന്നതിനായി മുകളിലുള്ള Complaints എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിലെ കോളങ്ങളിൽ രോഗവിവരങ്ങൾ ചേർക്കാവുന്നതാണ്. രോഗവിവരങ്ങൾ ടൈപ്പ് ചെയ്തു ചേർക്കുകയോ, ഡ്രോപ്പ്ഡൗൺ മെനുവിൽ നിന്നും സെലക്ട് ചെയ്യുകയോ ചെയ്യാവുന്നതാണ്. ഈ പേജിലെ മറ്റ് കോളങ്ങൾ ഡ്രോപ്പ്ഡൗൺ മെനുവിൽ നിന്നുതന്നെ സെലക്ട് ചെയ്യേണ്ടതാണ്. രോഗവിവരങ്ങൾ ചേർക്കുന്നതിനായി ആവശ്യത്തിനനുസരിച്ച് വരികൾ ചേർക്കുന്നതിനായി വലതുവശത്തുള്ള + ബട്ടണിൽ ക്ലിക്ക് ചെയ്താൽ മതിയാവുന്നതാണ്.





രോഗവിവരങ്ങൾ എല്ലാം ചേർത്തശേഷം, താഴെയുള്ള **Save** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രോഗവിവരങ്ങൾ ആ പേജിൽ തന്നെ താഴെയായി സേവ് ചെയ്യപ്പെടുന്നതാണ്.

| Complain | Since | Status | Entry Date |
|---|---|---|---|
| Sneezing | 2 days | Active | Nov 10, 2024, 7:46:07 AM |
| Cough | 2 days | Active | Nov 10, 2024, 7:46:07 AM |
| Fever | 2 days | Active | Nov 10, 2024, 7:46:07 AM |
| Vomiting | 2 days | Active | Nov 10, 2024, 7:18:36 AM |

## INVESTIGATIONS

ലബോറട്ടറി മൊഡ്യൂൾ എനേബിൾ ചെയ്തിട്ടുള്ള ആശുപത്രികളിൽ, രോഗിയെ ലാബ് പരിശോധനയ്ക്കായി റഫർ ചെയ്യണമെങ്കിൽ ഈ ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്. അല്ലെങ്കിൽ skip ചെയ്യാവുന്നതാണ്.





Investigation എല്ലാം ചേർത്തശേഷം, താഴെയുള്ള **Save** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ Investigation വിവരങ്ങൾ ആ പേജിൽ തന്നെ താഴെയായി സേവ് ചെയ്യപ്പെടുന്നതാണ്.

| Investigation | Advice | Entry Date |
|---|---|---|
| Serum Bilirubin | | Nov 10, 2024, 7:47:07 AM |
| Haemogram /Cbc | | Nov 10, 2024, 7:47:07 AM |


## ALLERGIES

രോഗിയ്ക്ക് ഏതെങ്കിലും Drug, Food എന്നിവയോട് അലർജിയുണ്ടെങ്കിൽ ആ വിവരങ്ങൾ ഈ പേജിൽ ചേർക്കാവുന്നതാണ്. ആവശ്യമില്ലെങ്കിൽ ഈ പേജ് skip ചെയ്യാവുന്നതാണ്.




## DIAGNOSIS

**രോഗനിർണ്ണയം ചേർക്കുന്നതിനുള്ള** പേജാണിത്. Ayurveda Terminology യിൽ രോഗനിർണ്ണയം എന്റർ ചെയ്യാവുന്നതാണ്. Default ആയി Provisional എന്ന കോളമായിരിക്കും ആക്ടീവായി ഉണ്ടാവുക. ആ കോളത്തിൽ രോഗനിർണ്ണയം എന്റർ ചെയ്തശേഷം താഴെയുള്ള **Save** ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഇതോടുകൂടി Diagnosis താഴെയായി സേവ് ചെയ്യപ്പെടുന്നതാണ്. ഇതേ രോഗിതന്നെ, മുമ്പ് ചികിത്സയ്ക്ക് എത്തിയിട്ടുണ്ടെങ്കിൽ, അന്നത്തെ രോഗനിർണ്ണയം, ഈ പേജിൽത്തന്നെ താഴെയായി കാണാവുന്നതാണ്.




## MEDICATION & REFER

**രോഗനിർണ്ണയത്തിനുശേഷം** ഡോക്ടർ ഓൺലൈനായി മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യുന്നത് ഈ പേജ് വഴിയാണ്. അതിനായി മുകളിലത്തെ മെനുബാറിലുള്ള Medication & Refer എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. ഫാർമസി മോഡ്യൂൾ എനേബിൾ ചെയ്തിട്ടുള്ള ആശുപത്രികളിൽ ക്ലിനിക് മോഡ്യൂൾ വഴി, ഓൺലൈനായി പ്രിസ്ക്രിപ്ഷൻ ജനറേറ്റ് ചെയ്യുന്നത് വളരെ എളുപ്പമാണ്. **ഫാർമസിയിൽ [സബ് സ്റ്റോക്കിൽ] available ആയിട്ടുള്ള മരുന്നുകളുടെ അളവ്, ഓരോ മരുന്നുകൾ എന്റർ ചെയ്യുമ്പോഴും Drug Name എന്ന കോളത്തിൽ മരുന്നിന്റെ പേരിനൊപ്പം വരുന്നതാണ്.** ഡോക്ടർക്ക് ഫാർമസിയിലുള്ള മരുന്നുകൾ തന്നെ പ്രിസ്ക്രൈബ് ചെയ്യുന്നതിന് ഇതിനാൽ സാധിക്കുന്നതാണ്.




Search Medicine from എന്ന കോളത്തിൽ default ആയി Available in Store എന്നത് തന്നെ ആക്ടീവായിരിക്കും. ഇങ്ങനെ സെലക്റ്റ് ചെയ്യുന്നതുവഴി ഫാർമസിയിലുള്ള മരുന്നുകൾ താഴെയുള്ള Drug Name കോളങ്ങളിൽ ഡ്രോപ്ഡൗൺ മെനുവായി ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. **ഫാർമസി മോഡ്യൂൾ എനേബിൾ ആയിട്ടുള്ള ആശുപത്രികളിൽ, മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യുമ്പോൾ, Drug Name എന്ന കോളത്തിൽ മരുന്നുകളുടെ പേര് ഡ്രോപ്ഡൗൺ മെനുവിൽ നിന്നുതന്നെ സെലക്റ്റ് ചെയ്യേണ്ടതാണ്. ടൈപ്പ് ചെയ്യാൻ പാടില്ല.** ടൈപ്പ് ചെയ്തു തുടങ്ങുമ്പോൾത്തന്നെ മരുന്നുകളുടെ പേര് ഡ്രോപ്ഡൗണിൽ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. **ടൈപ്പ് ചെയ്ത് മരുന്നുകൾ ചേർക്കുന്നപക്ഷം, പ്രിസ്ക്രിപ്ഷൻ ജനറേറ്റ് ചെയ്യുമ്പോൾ മരുന്നുകളുടെ വിവരങ്ങൾ ഫാർമസിസ്റ്റിന്റെ ലോഗിനിലേക്ക് പോകുന്നതല്ല.** ആയതിനാൽ, ഡ്രോപ്ഡൗൺ **മെനുവിൽ** നിന്നുതന്നെ മരുന്നുകൾ സെലക്റ്റ് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുക.


Dosage, Frequency, Duration എന്നിവ അതാത് കോളങ്ങളിൽ കൃത്യമായി നൽകുവാൻ ശ്രദ്ധിക്കുക. ഇത് മൂന്നും കൃത്യമായി നൽകിയാൽ മാത്രമേ, Quantity എന്ന കോളത്തിൽ ആ രോഗിയ്ക്ക് ഈ വിസിറ്റിൽ ആകെ കൊടുക്കേണ്ട മരുന്നിന്റെ അളവ് വരികയുള്ളൂ. Quantity എന്ന കോളത്തിൽ അളവിനുപകരം, NaN എന്ന് വന്നാൽ, നമ്മൾ നടത്തിയ എൻട്രി [Dosage, Frequency or Duration] തെറ്റാണെന്നാണ് അർത്ഥം. **Frequency എന്ന കോളത്തിലെ എൻട്രി ഡ്രോപ്ഡൗൺ മെനുവിൽ നിന്നുതന്നെ ആകാൻ പ്രത്യേകം ശ്രദ്ധിക്കുക.** BD, OD എന്നീ ഓപ്ഷനുകൾ മാത്രം സെലക്റ്റ് ചെയ്യുന്നതാവും Quantity എന്ന

കോളത്തിൽ മരുന്നിന്റെ അളവ് ശരിയാവാൻ നല്ലത്. മരുന്നിന്റെ ഉപയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ, അത് Remarks എന്ന കോളത്തിൽ നൽകാവുന്നതാണ്.


Dosage ഫാർമസി **മോഡ്യൂളിൽ** നൽകിയ കണക്കനുസരിച്ച് വേണം എന്റർ ചെയ്യേണ്ടുന്നത്. ഉദാഹരണത്തിന്,

1) അരിഷ്ടങ്ങൾ പ്രിസ്ക്രൈബ് ചെയ്യുമ്പോൾ 25 ml വീതം രണ്ട് നേരം 5 ദിവസത്തേക്ക് എന്നതിന് **25-BD-5** എന്ന് കോളങ്ങൾ പൂരിപ്പിക്കാവുന്നതാണ്. Quantity എന്ന കോളത്തിൽ 250 എന്ന അളവ് വരുന്നതായിരിക്കും.
2) ലേഹ്യങ്ങൾ പ്രിസ്ക്രൈബ് ചെയ്യുമ്പോൾ 10 gm വീതം രാത്രിയിൽ ഒരുനേരം 5 ദിവസത്തേക്ക് എന്നതിന് **10-OD-5** എന്ന് കോളങ്ങൾ പൂരിപ്പിക്കാവുന്നതാണ്. Quantity എന്ന കോളത്തിൽ 50 എന്ന അളവ് വരുന്നതായിരിക്കും.
3) ഒരെണ്ണം മാത്രമായി നൽകേണ്ടുന്ന റുമാജിത്, അഷ്ടചൂർണ്ണം സിറപ്പ് തുടങ്ങിയവ കൊടുക്കുമ്പോൾ **1-OD-1** എന്ന് എന്റർ ചെയ്യാവുന്നതാണ്. Quantity എന്ന കോളത്തിൽ 1 എന്ന അളവ് വരുന്നതായിരിക്കും.


ആകെ കൊടുക്കാവുന്ന അളവിനനുസരിച്ച്, കോളങ്ങൾ ഫിൽ ചെയ്തശേഷം, മരുന്നിന്റെ ഉപയോഗക്രമം റിമാർക്ക്സ് കോളത്തിൽ എഴുതാവുന്നതാണ്.




തുടർന്ന്, താഴെയുള്ള Patient Refer to Another Hospital എന്ന കോളത്തിൽ No എന്നത് സെലക്റ്റ് ചെയ്യുക. Default ആയി No തന്നെയായിരിക്കും കിടക്കുന്നത്. തുടർന്ന് താഴെയുള്ള **Generate** ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഒരു കൺഫർമേഷൻ മെസേജ് വരുന്നതാണ്. അതിൽ OK കൊടുക്കുക.




ഓൺലൈനായി Prescription ജനറേറ്റ് ചെയ്യപ്പെടുന്നതാണ്. അതിൽ Print ബട്ടണിൽ ക്ലിക്ക് ചെയ്ത് പ്രിസ്ക്രിപ്ഷന്റെ പ്രിന്റ് എടുത്ത് രോഗിയ്ക്ക് നൽകാവുന്നതാണ്. ഇപ്രകാരം ജനറേറ്റ് ചെയ്യുന്ന ഓൺലൈൻ പ്രിസ്ക്രിപ്ഷൻ, രോഗിയ്ക്ക്, അവരുടെ മൊബൈലിലുള്ള ABHA ആപ്ലിക്കേഷനിൽ ലഭിക്കുന്നതാണ്.



efox https://nextgen.ehospital.gov.in/opd/ho

**Govt Ayurveda Hospital Ayoor**

GOVT. AYURVEDA HOSPITAL,AYOOR, AYOOR PO ,KOLLAM, Edamulackal, Punalur, KOLLAM, KERALA, 691533 ,KOLLAM,KERALA,Pin: 691533

Dr. Manesh Kumar E

**Name** : Gautham Easwar M
**Age** : 17 years
**Gender** : Male
**Mobile** : 9447091388

**ABHA Address** : 47328816286249@abdm
**Registration Id** : 20240004543
**Date** : Nov 10, 2024, 7:52:26 AM

**BP** : 120/80 mmHg **Temperature** : 98$^0$F **Height** : 176 CM **Weight** : 74 KG **BMI** : 23.89 KG/M2 **Respiratory Rate** : 15

**Complaints**
1). Sneezing 2). Cough 3). Fever 4). Vomiting 5). Stomach pain 6). Nausea

**Diagnosis**
1). Jwaram
2). Parinamasoola

**Ix**

**Lab Tests**
1). Serum Bilirubin
2). Haemogram /CBC
3). Haemogram /CBC
4). SGPT
5). SGOT

℞

| Drug Name | Dosage | Frequency | Duration | Quantity | Remarks |
|---|---|---|---|---|---|
| 1). Amrutharishtam | 20 | Twice a day | 5 Days | 200 | |
| 2). VETTUMARAN GULIKA | 1 | Once a day | 5 Days | 5 | |
| 3). Rajanyadi Choornam Syrup | 1 | Once a day | 1 Days | 1 | |

ഇപ്രകാരം ഓൺലൈനായി ജനറേറ്റ് ചെയ്യുന്ന പ്രിസ്ക്രിപ്ഷൻ, ഫാർമസിസ്റ്റിന്റെ ലോഗിനിലേക്ക് പോകുന്നതാണ്. അവിടെ നിന്നും ഫാർമസിസ്റ്റിന് ഓൺലൈനായി പ്രിസ്ക്രിപ്ഷൻ പരിശോധിച്ച്, മരുന്നുകൾ ഇഷ്യൂ ചെയ്യാവുന്നതാണ്.